# PSC Lower Division Clerk Various - Wayanad Examination Previous Year Question Paper

***Exam Name: Lower Division Clerk Various - Wayanad***

***Question Paper Code: 002/2014***

***Medium of Questions: Malayalam***

www.pscnet.in

## 2/2014-M

Maximum : 100 marks

Time : 1 hour and 15 minutes

1. ഒരു സ്ത്രീയെ ചൂണ്ടിക്കാണിച്ചുകൊണ്ട് ബാബു പറഞ്ഞു, 'എന്റെ അമ്മയുടെ മകളുടെ അച്ഛന്റെ സഹോദരിയാണ് അവർ'. ആ സ്ത്രീ ബാബുവിന്റെ ആരാണ്?

   (A) സഹോദരി
   (B) മരുമകൾ
   (C) അമ്മായി
   (D) അമ്മ

2. SHAME എന്നത് 37681 എന്നും ROAD എന്നത് 2465 എന്നും കോഡ് ചെയ്താൽ അതേ ഭാഷയിൽ HEAR എങ്ങനെ കോഡ് ചെയ്യാം?

   (A) 7612
   (B) 7162
   (C) 2617
   (D) 1867

3. 65872 – 4117 – 3218 = ? + 16218

   (A) 58537
   (B) 45537
   (C) 42319
   (D) 46436

4. ലീന മണിക്കൂറിൽ 40 കി.മീ. വേഗത്തിൽ കിഴക്കോട്ടും ഇന്ദു മണിക്കൂറിൽ 30 കി.മീ. വേഗത്തിൽ വടക്കോട്ടും ഒരു സ്ഥലത്ത് നിന്നും രാവിലെ 8 മണിക്ക് കാറോടിച്ച് പോയി. 2 മണിക്കൂർ കഴിയുമ്പോൾ അവർ തമ്മിലുള്ള ഏറ്റവും ചുരുങ്ങിയ അകലം എത്രയായിരിക്കും?

   (A) 100 കി.മീ.
   (B) 70 കി.മീ.
   (C) 110 കി.മീ.
   (D) 60 കി.മീ.

5. തിയ്യതി : കലണ്ടർ; സമയം : ————

   (A) മണിക്കൂർ
   (B) ദിവസം
   (C) സൂര്യൻ
   (D) ക്ലോക്ക്

6. ഒരു സംഖ്യയുടെ $66\frac{2}{3}$%, 96 ആയാൽ അതിന്റെ 25% എത്ര?

   (A) 45
   (B) 36
   (C) 44
   (D) 38



fb.com/pscnet.in

www.pscnet.in

7. ഒരു ഗ്രൂപ്പിലെ 20 പേരുടെ ശരാശരി വയസ്സ് 27 ആണ്. പുതുതായി 2 ആളുകൾ കൂടി ചേർന്നതോടെ ശരാശരിയിൽ ഒരു വർഷത്തിന്റെ വർദ്ധനവുണ്ടായി. പുതുതായി വന്ന 2 ആളുകളുടെ ആകെ വയസ്സെത്ര?

(A) 76 (B) 66

(C) 60 (D) 72

8. 0.45 എന്ന ദശാംശസംഖ്യയുടെ ഭിന്നസംഖ്യാരൂപം ഏതാണ്?

(A) $\frac{10}{9}$ (B) $\frac{5}{9}$

(C) $\frac{9}{10}$ (D) $\frac{9}{5}$

9. മണിക്കൂറിൽ 72 കി.മീ. വേഗത്തിൽ ഓടുന്ന 240 മീറ്റർ നീളമുള്ള ഒരു തീവണ്ടി ഒരു ടെലിഫോൺ പോസ്റ്റ് കടന്നു പോകാൻ എത്ര സമയം എടുക്കും?

(A) 12 സെക്കന്റ് (B) 10 സെക്കന്റ്

(C) 8 സെക്കന്റ് (D) 15 സെക്കന്റ്

10. ഒരു സാധനം 1,980 രൂപയ്ക്ക് വിറ്റപ്പോൾ 10% നഷ്ടമുണ്ടായാൽ അതിന്റെ യഥാർത്ഥ വിലയെന്ത്?

(A) 2,178 (B) 2,100

(C) 2,400 (D) 2,200

11. 12,000 രൂപയ്ക്ക് 12% സാധാരണപലിശ നിരക്കിൽ 3 വർഷത്തെ പലിശയെത്ര?

(A) 1,440 (B) 4,320

(C) 3,240 (D) 3,600

12. 18 ആളുകൾ 30 ദിവസം കൊണ്ട് ചെയ്യുന്ന ഒരു ജോലി 20 ദിവസം കൊണ്ട് ചെയ്തു തീർക്കണമെങ്കിൽ ഇനി എത്ര ആളുകൾ കൂടി വേണം?

(A) 12 (B) 10

(C) 8 (D) 9

13. $3^x = 729$ ആയാൽ $x$ ന്റെ വിലയെന്ത്?

(A) 6 (B) 5

(C) 7 (D) 4



fb.com/pscnet.in

www.pscnet.in

14. ഒരു ചതുരത്തിന്റെ നീളം 10% വും വീതി 20% വും വർദ്ധിപ്പിച്ചാൽ പരപ്പളവ് എത്ര ശതമാനം വർദ്ധിക്കും?

(A) 30 (B) 200

(C) 32 (D) 132

15. രാമുവും ബാബുവും ഒരു തുക 2 : 5 എന്ന അംശബന്ധത്തിൽ വീതിച്ചപ്പോൾ ബാബുവിന് 1,500 രൂപ അധികം കിട്ടി. എങ്കിൽ എത്ര രൂപയാണ് വീതിച്ചത്?

(A) 4,000 (B) 3,500

(C) 4,500 (D) 7,500

16. 2, 3, 5, 7, 11, ————

(A) 13 (B) 15

(C) 17 (D) 14

17. $84 - 27 \div 3 \times 2 + 7.5 \times 2 =$

(A) 53 (B) 91

(C) 81 (D) 64

18. ഒരു വർഷം ഇന്ത്യയിൽ സ്വാതന്ത്ര്യദിനം ബുധനാഴ്ചയായിരുന്നു. എങ്കിൽ ആ വർഷം ഗാന്ധിജയന്തി ഏതു ദിവസമായിരിക്കും?

(A) ബുധൻ (B) വ്യാഴം

(C) തിങ്കൾ (D) ചൊവ്വ

19. താഴെ കൊടുത്തിരിക്കുന്നവയിൽ കൂട്ടത്തിൽ പെടാത്ത സംഖ്യയേത്?

(A) 64 (B) 25

(C) 8 (D) 27

20. ഒരു ക്ലോക്കിൽ സമയം 12.15 ആകുമ്പോൾ മണിക്കൂർ സൂചിക്കും മിനിറ്റ് സൂചിക്കും ഇടയിലുള്ള കോണളവ് എത്ര?

(A) $87\frac{1}{2}^{\circ}$ (B) $90^{\circ}$

(C) $80^{\circ}$ (D) $82\frac{1}{2}^{\circ}$



fb.com/pscnet.in

www.pscnet.in

21. ചൈനയിലെ ഇന്ത്യൻ അംബാസിഡർ :
(A) നിരുപമ റാവു
(B) സി. രാജശേഖർ
(C) അമിത്ദാസ് ഗുപ്ത
(D) ഡോ. എസ്. ജയശങ്കർ

22. 2012-ലെ എഴുത്തച്ഛൻ പുരസ്ക്കാരം നേടിയത് :
(A) ആറ്റൂർ രവിവർമ്മ
(B) ടി. പത്മനാഭൻ
(C) എം.ടി. വാസുദേവൻ നായർ
(D) സി. രാധാകൃഷ്ണൻ

23. 'യൂജിൻ സെർനാൻ' എന്ന ബഹിരാകാശ സഞ്ചാരി ചന്ദ്രനിൽ ഇറങ്ങിയ വാഹനം :
(A) അപ്പോളോ -17
(B) അപ്പോളോ -15
(C) അപ്പോളോ -11
(D) അപ്പോളോ -12

24. 'മേജർ ധ്യാൻചന്ദ്' ഏതു കളിയിലാണ് പ്രശസ്തനായിരുന്നത്?
(A) വോളിബോൾ
(B) ഹോക്കി
(C) ഫുട്ബോൾ
(D) ക്രിക്കറ്റ്

25. മുല്ലപ്പെരിയാർ ഡാം നിർമ്മിച്ച വർഷം :
(A) 1895
(B) 1898
(C) 1900
(D) 1905

26. വായുവിൽ ശബ്ദത്തിന്റെ വേഗത :
(A) 340 M/S
(B) $3 \times 10^8$ M/S
(C) 1200 M/S
(D) 350 M/S

27. 2011-ൽ, കാലാവസ്ഥാ ഉച്ചകോടി നടന്ന സ്ഥലം :
(A) ബീജിങ്ങ്
(B) ന്യൂയോർക്ക്
(C) ഡർബൻ
(D) ടോക്കിയോ

28. പ്രകാശത്തിനനുസരിച്ച് സസ്യങ്ങളെ, പ്രതികരണങ്ങൾക്ക് സജ്ജമാക്കുന്ന വർണ്ണക പ്രോട്ടീൻ :
(A) ഫൈറ്റോക്രോം
(B) ഓക്സിൻ
(C) മാനിറ്റോൾ
(D) എറിത്രിൻ

29. റീസൈക്കിൾ ചെയ്യാവുന്ന പ്ലാസ്റ്റിക് :
(A) ബേക്കലൈറ്റ്
(B) പോളിത്തീൻ
(C) ടെറിലിൻ
(D) പോളിയെസ്റ്റർ

30. 'കൈഗ' ആണവനിലയം സ്ഥിതിചെയ്യുന്ന സംസ്ഥാനം :
(A) തമിഴ്നാട്
(B) മഹാരാഷ്ട്ര
(C) ഗുജറാത്ത്
(D) കർണ്ണാടക



fb.com/pscnet.in

31. ആന്റിബയോട്ടിക് ആയി ഉപയോഗിക്കുന്ന മരുന്ന് :
(A) ആസ്പിരിൻ (B) അമോക്സിലിൻ
(C) പാരസെറ്റമോൾ (D) ഡെറ്റോൾ

32. ആദ്യമായി 'ശുക്രസംതരണം' പ്രവചിച്ചത് :
(A) കെപ്ലർ (B) ഗലീലിയോ
(C) കോപ്പർ നിക്കസ് (D) ടോളമി

33. 'റെസിസ്റ്റിവിറ്റി' അളക്കുന്ന യൂണിറ്റ് :
(A) ഓം (B) ഓംമീറ്റർ
(C) ഫാരഡ് (D) ഹെൻറി

34. ഹൈഡ്രജനെ ഗാർഹിക ഇന്ധനമായി ഉപയോഗിക്കുന്നില്ല. കാരണം :
(A) ഉയർന്ന കലോറിഫിക് മൂല്യം (B) സ്ഫോടന സാദ്ധ്യത
(C) ഏറ്റവും ചെറിയ ആറ്റം (D) ലഭ്യത കുറവ്

35. STP യിൽ 10 മോൾ അമോണിയ വാതകത്തിന്റെ വ്യാപ്തം :
(A) 22.4 ലിറ്റർ (B) 224 ലിറ്റർ
(C) 112 ലിറ്റർ (D) 2.24 ലിറ്റർ

36. 'പാർസെക്' എന്നത് എത്ര പ്രകാശവർഷമാണ്?
(A) 4.36 (B) 2.92
(C) 3.26 (D) 2.23

37. 'റാഫേൽ നദാൽ' ഏത് രാജ്യത്തെ ടെന്നീസ് താരമാണ്?
(A) ഇറ്റലി (B) സ്പെയിൻ
(C) അർജന്റീന (D) ഫ്രാൻസ്

38. വാദ്യകലാകാരനുള്ള ആദ്യത്തെ പത്മശ്രീ ബഹുമതി നേടിയ കലാകാരൻ :
(A) കോട്ടക്കൽ ശിവരാമൻ (B) മാണി മാധവ ചാക്യാർ
(C) പി.കെ. നാരായണൻ നമ്പ്യാർ (D) കലാമണ്ഡലം ഈശ്വരനുണ്ണി

39. 'ക്രിസ്റ്റീന ഫെർണാണ്ടസ്' ഏത് രാജ്യത്തിന്റെ പ്രസിഡന്റാണ്?
(A) സ്പെയിൻ (B) അർജന്റീന
(C) ബ്രസീൽ (D) മെക്സിക്കോ

40. 2012-ലെ സ്വരാജ് അവാർഡ് നേടിയ പഞ്ചായത്ത് :
(A) വള്ളിക്കുന്ന് (B) മാങ്ങാട്ടിടം
(C) ചെട്ടിനാട് (D) നെടുമ്പന



fb.com/pscnet.in

www.pscnet.in

41. ഇൽത്തുമിഷ് ഏത് വംശത്തിൽ പെട്ട ഭരണാധികാരിയാണ്?

(A) മുഗൾ വംശം (B) സൂർ വംശം

(C) അടിമ വംശം (D) ലോദി വംശം

42. ബംഗാൾ വിഭജനം നടത്തിയ ഗവർണ്ണർ ജനറൽ :

(A) ഡഫ്രിൻ പ്രഭു (B) റിപ്പൺ പ്രഭു

(C) കഴ്സൺ പ്രഭു (D) വെല്ലസ്ലി പ്രഭു

43. മത്സ്യബന്ധനം പ്രധാന ഉപജീവന മാർഗ്ഗമാക്കിയിരുന്ന പ്രാചീന കേരളത്തിലെ തിണ :

(A) നെയ്തൽ (B) കുറിഞ്ചി

(C) മുല്ലൈ (D) മരുതം

44. ഇന്ദിരാഗാന്ധി കനാൽ പദ്ധതിയുടെ പ്രധാന ഉപയോക്താവായ സംസ്ഥാനം :

(A) മഹാരാഷ്ട്ര (B) മദ്ധ്യപ്രദേശ്

(C) ബീഹാർ (D) രാജസ്ഥാൻ

45. ഇന്ത്യൻ യൂണിയനിൽ ലയിക്കാൻ വിസമ്മതിച്ച നാട്ടുരാജ്യം :

(A) കൊച്ചി രാജ്യം (B) മറാത്ത

(C) ജുനഗഢ (D) പഞ്ചാബ്

46. ബോറാ ഗുഹ ഏത് സംസ്ഥാനത്തിലാണ്?

(A) കർണ്ണാടക (B) ആന്ധ്രാപ്രദേശ്

(C) മദ്ധ്യപ്രദേശ് (D) മഹാരാഷ്ട്ര

47. പൂർവ്വതീര റെയിൽവേയുടെ ആസ്ഥാനം :

(A) ഭുവനേശ്വർ (B) ബിലാസ്പൂർ

(C) കൊൽക്കത്ത (D) മാലിഗാവ്

48. ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിലവിൽ വന്ന വർഷം :

(A) 1990 (B) 1992

(C) 1993 (D) 1994



fb.com/pscnet.in

www.pscnet.in

49. ബൈറാംഖാനുമായി ബന്ധമുള്ള മുഗൾ ഭരണാധികാരി :

(A) ബാബർ
(B) അക്ബർ
(C) ഷാജഹാൻ
(D) ഔറംഗസീബ്

50. ചൊവ്വാ ഗ്രഹത്തെ ചുറ്റിയ ആദ്യ ബഹിരാകാശ വാഹനം :

(A) മാരിനർ-4
(B) മാഴ്സ്-3
(C) വൈക്കിങ്ങ്
(D) മാഴ്സ് പാത്ത് ഫൈൻഡർ

51. ലോകത്തിലെ ആദ്യ കാലാവസ്ഥാ ഉപഗ്രഹം :

(A) ടൈറോസ്
(B) എക്കോ
(C) എക്സ്പ്ലോറർ
(D) ഏർലിബേർഡ്

52. ചൈനീസ് ഓഹരി വിപണിയുടെ പേര് :

(A) മെർവൽ
(B) നിക്കെ 225
(C) എസ്.എസ്.ഇ. കോമ്പസിറ്റ്
(D) കാക് 40

53. കൂട്ടത്തിൽ പെടാത്ത തുറമുഖം :

(A) മംഗലാപുരം
(B) തൂത്തുക്കുടി
(C) കൊച്ചി
(D) കാണ്ട്ല

54. ഇന്ത്യയിലെ പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ മാതാവ് :

(A) ചിൽക
(B) നർമ്മദാ ബച്ചാവോ ആന്തോളൻ
(C) ആപ്പിക്കോ
(D) ചിപ്കോ

55. സാർക്കിന്റെ സ്ഥിരം സെക്രട്ടേറിയറ്റ് സ്ഥിതിചെയ്യുന്നത് :

(A) ഡാക്ക
(B) ഡൽഹി
(C) കാഠ്മണ്ടു
(D) ഇസ്ലാമാബാദ്

56. സുപ്രീംകോടതി, ഹൈക്കോടതി എന്നിവയിലെ ജഡ്ജിമാരുടെ നിയമ വ്യവസ്ഥകൾ പ്രതിപാദിക്കുന്ന ഭരണഘടനാ വ്യവസ്ഥ പ്രതിപാദിക്കുന്ന ഷെഡ്യൂൾ :

(A) രണ്ടാം ഷെഡ്യൂൾ
(B) മൂന്നാം ഷെഡ്യൂൾ
(C) നാലാം ഷെഡ്യൂൾ
(D) ആറാം ഷെഡ്യൂൾ



fb.com/pscnet.in

www.pscnet.in

57. അർഹതയില്ലാതെ പദവിയിലിരിക്കുന്ന ഉദ്യോഗസ്ഥന് എതിരെ നല്കാവുന്ന റിട്ട് :

(A) മാൻഡമസ്
(B) പ്രൊഹിബിഷൻ
(C) ഹേബിയസ് കോർപസ്
(D) ഇതൊന്നുമല്ല

58. ഭരണഘടനയുടെ 330 മുതൽ 342 വരെ വകുപ്പുകൾ പ്രതിപാദിക്കുന്ന വിഷയം :

(A) കേന്ദ്രസംസ്ഥാന ബന്ധങ്ങൾ
(B) പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളെക്കുറിച്ച്
(C) പ്രസിഡന്റിന്റെ അധികാരങ്ങൾ
(D) പ്രധാനമന്ത്രിയുടെ അധികാരങ്ങൾ

59. ഗരീബി ഹഠാവോ എന്ന ലക്ഷ്യം മുന്നോട്ട് വെച്ച പഞ്ചവത്സര പദ്ധതി :

(A) അഞ്ചാം പദ്ധതി
(B) ആറാം പദ്ധതി
(C) ഏഴാം പദ്ധതി
(D) എട്ടാം പദ്ധതി

60. ആത്മവിദ്യാസംഘം സ്ഥാപിച്ചത് :

(A) ചട്ടമ്പി സ്വാമികൾ
(B) ശ്രീനാരായണ ഗുരു
(C) വാഗ്ഭടാനന്ദ ഗുരു
(D) സ്വാമി ദയാനന്ദ സരസ്വതി

61. അൺ ടു ദ ലാസ്റ്റ് എന്ന കൃതിയുടെ കർത്താവ് :

(A) ടോൾസ്റ്റോയ്
(B) മേരി റോയ്
(C) എബ്രഹാം ലിങ്കൻ
(D) ജോൺ റസ്കിൻ

62. ഏറ്റവും വേഗതയേറിയ ക്രൂയിസ് മിസൈൽ :

(A) ത്രിശൂൽ
(B) ബ്രഹ്മോസ്
(C) അസ്ത്ര
(D) ആകാശ്

63. ഇന്ത്യയുടെ ചുവന്ന നദി :

(A) ബ്രഹ്മപുത്ര
(B) ദാമോദർ നദി
(C) സത്‌ലജ്
(D) ഗംഗാനദി



fb.com/pscnet.in

PSCNET.in

www.pscnet.in

64. കേരളത്തിലെ ഏറ്റവും വലിയ ദേശീയ ഉദ്യാനം :

(A) സൈലന്റ്‌വാലി
(B) ഇരവികുളം
(C) ആനമുടിച്ചോല
(D) മതികെട്ടാൻചോല

65. കേരള സംസ്ഥാനത്തിന്റെ ആദ്യ ധനകാര്യമന്ത്രി :

(A) ഗൗരിയമ്മ
(B) അച്യുത മേനോൻ
(C) ആർ. ശങ്കർ
(D) പട്ടം താണുപിള്ള

66. 837 കിലോമീറ്റർ ദൈർഘ്യമുള്ള ഇന്ത്യൻ നദി :

(A) മഹാനദി
(B) ഗോദാവരി
(C) കൃഷ്ണാനദി
(D) നർമ്മദാനദി

67. ഇന്ത്യൻ ദേശീയ പതാക രൂപകല്പന ചെയ്തത് :

(A) പങ്കളി വെങ്കയ്യ
(B) മോത്തിലാൽ നെഹ്റു
(C) സി. കൃഷ്ണനാചാരി
(D) ഡബ്ല്യു. സി. ബാനർജി

68. കോൺഗ്രസ്സിന്റെ ദേശീയ അദ്ധ്യക്ഷ സ്ഥാനത്തേക്ക് സുഭാഷ് ചന്ദ്രബോസിനോട് മത്സരിച്ച് പരാജയപ്പെട്ട വ്യക്തി :

(A) ഗാന്ധിജി
(B) പട്ടാബി സീതാരാമയ്യ
(C) സി. രാജഗോപാലാചാരി
(D) ജവഹർലാൽ നെഹ്റു

69. ഇന്ത്യയിലെ ഏക സജീവ അഗ്നിപർവ്വതം :

(A) ഫ്യൂജിയാമ
(B) വെസൂവിയസ്
(C) ബാരൻ
(D) ക്രാക്കത്തുവ

70. ഇട്ടി അച്ചുവുമായി ബന്ധപ്പെട്ടത് :

(A) മലബാർ മാന്വൽ
(B) ഹോർത്തൂസ് മലബാറിക്കസ്
(C) പെരിപ്ലസ് ഓഫ് എറിത്രിയൻ സീ
(D) മാമാങ്കം



fb.com/pscnet.in

www.pscnet.in

71. Which one has the correct spelling?

(A) pneumonia
(B) neumonia
(C) pumonia
(D) pnuemonia

72. They neglected the teacher's :

(A) advise
(B) advize
(C) advice
(D) advaise

73. Criticism of other religions ———————— hatred and violence among Indians.

(A) dead end to
(B) bear fruit to
(C) ones conscience pricks one
(D) fan the flame of

74. A duke's wife is known as :

(A) duchess
(B) queen
(C) lady duke
(D) lass

75. I cannot ———————— what he is saying.

(A) make in
(B) put off
(C) make out
(D) put up

76. Either the students or their teacher ———————— come.

(A) has been
(B) have
(C) has
(D) had been

77. One of his two sons Reghu is the ————————.

(A) taller
(B) tallest
(C) tall
(D) taller than

78. ———————— novel that you gave me is very interesting.

(A) An
(B) A
(C) Those
(D) The

79. ———————— he borrow the money yesterday?

(A) Did
(B) Does
(C) Can
(D) Would

80. I am not late, ———————— I?

(A) was
(B) is
(C) are
(D) am



fb.com/pscnet.in

www.pscnet.in

81. Have you ———————— money on you?

(A) sure
(B) any
(C) such
(D) their

82. When I arrived at the school, the bell ————————

(A) rang
(B) ring
(C) had rung
(D) running

83. If it rains, we ———————— the game.

(A) should postpone
(B) shall postpone
(C) could postpone
(D) had postponed

84. She had a passion ———————— dance.

(A) to
(B) with
(C) of
(D) for

85. My mother asked me ———————— I had not finished the work.

(A) whether
(B) when
(C) how
(D) why

86. Choose the correct one word for the underlined part :
He is in debts because of his <u>habit of spending money wastefully</u>.

(A) exonerated
(B) extravagance
(C) exaltation
(D) extraction

87. The umbrella is :

(A) your
(B) my
(C) yours
(D) them

88. The opposite of borrow is :

(A) give
(B) lend
(C) grant
(D) forgive

89. The word which has the same meaning of "prominence" is :

(A) polonaise
(B) greatness
(C) progress
(D) importance

90. ———————— cricket is my favourite pass time.

(A) play
(B) played
(C) playing
(D) plays

PSCNET.in



fb.com/pscnet.in

www.pscnet.in

91. What a dirty city! എന്ന വാക്യത്തിന്റെ ഏറ്റവും ഉചിതമായ മലയാള വാക്യമേത്?

(A) എന്തൊരു വൃത്തികെട്ട നഗരം
(B) എത്ര വൃത്തികെട്ട നഗരം
(C) എന്തു വൃത്തികെട്ട നഗരം
(D) എങ്ങനെ വൃത്തികെട്ട നഗരം

92. കോവിലൻ ആരുടെ തൂലികാനാമമാണ്?

(A) വി.വി. അയ്യപ്പൻ
(B) പി. അയ്യനേത്ത്
(C) എ. അയ്യപ്പൻ
(D) അയ്യപ്പപ്പണിക്കർ

93. 'പപ്പു' ഏത് കൃതിയിലെ കഥാപാത്രമാണ്?

(A) ഒരു ദേശത്തിന്റെ കഥ
(B) ഒരു തെരുവിന്റെ കഥ
(C) ഏണിപ്പടികൾ
(D) ഓടയിൽ നിന്ന്

94. താഴെ കൊടുത്തവയിൽ ഏറ്റവും ഉയർന്ന തുകയുള്ള സാഹിത്യ പുരസ്കാരമേത്?

(A) വള്ളത്തോൾ അവാർഡ്
(B) എഴുത്തച്ഛൻ പുരസ്കാരം
(C) സരസ്വതി സമ്മാൻ
(D) ജ്ഞാനപീഠം

95. 'രാവിലെ' എന്ന പദം പിരിച്ചെഴുതുക :

(A) രാവിൽ + എ
(B) രാവ് + ലെ
(C) രാവ് + എ
(D) രാവിൽ + ലെ

96. താഴെ കൊടുത്തവയിൽ ശരിയായ പദമേത്?

(A) പുനർചിന്ത
(B) പുനർച്ചിന്ത
(C) പുനശ്ചിന്ത
(D) പുനച്ചിന്ത

97. 'അളവ്' എന്നർത്ഥം വരുന്ന പദമേത്?

(A) പരിണാമം
(B) പരിമാണം
(C) പരിണതം
(D) പരിമളം

98. താഴെ കൊടുത്തവയിൽ തെറ്റായ വാക്യപ്രയോഗമേത്?

(A) ഇംഗ്ലീഷിനെന്ന പോലെ മലയാളത്തിലും തെറ്റുകൾ വരാം
(B) ഇംഗ്ലീഷിലും മലയാളത്തിലും തെറ്റുകൾ വരാം
(C) ഇംഗ്ലീഷിലെ പോലെ മലയാളത്തിലും തെറ്റുകൾ വരാം
(D) ഇംഗ്ലീഷിലെ പോലെ മലയാളത്തിനും തെറ്റുകൾ വരാം

99. 'തീവണ്ടി' എന്ന നാമത്തെ വിഗ്രഹിച്ചെഴുതുന്നതെങ്ങനെ?

(A) തീകൊണ്ടുള്ള വണ്ടി
(B) തീയാൽ ഓടിക്കപ്പെടുന്ന വണ്ടി
(C) തീ ഉള്ള വണ്ടി
(D) തീയും കൊണ്ട് ഓടുന്ന വണ്ടി

100. 'മിന്നുന്നതെല്ലാം പൊന്നല്ല' എന്ന മലയാളശൈലിയുടെ ഇംഗ്ലീഷ് പ്രയോഗമേത്?

(A) Glitterings all are not gold
(B) All glitterings are not gold
(C) Not gold all are glitterings
(D) All glitters are not gold



fb.com/pscnet.in